കാർഷിക മേഖലയിൽ ഒരുലക്ഷം യുവാക്കൾക്ക് തൊഴിൽ നൽകുന്ന പദ്ധതി

135 [2125] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, എം. വി. ജയരാജൻ:
,, പിരപ്പൻകോട് മുരളി:
,, കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിൽ ഒരുലക്ഷം യുവാക്കൾക്ക് തൊഴിൽ നൽകുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിന്റെ പ്രാരംഭ നടപടികളും ആരംഭിച്ചുവോ?

ഉത്തരം

(എ) പദ്ധതി പരിഷ്കരിച്ചു നടപ്പിലാക്കാൻ നടപടി എടുത്തുവരുന്നു.

(ബി) ആരംഭിച്ചു.

ഒരുലക്ഷം യുവജനങ്ങൾക്ക് കാർഷികമേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതി

136 [2126] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-95-ൽ ആരംഭിച്ച ഒരുലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരം ഇതേവരെ ഓരോ ജില്ലയിലും അംഗവൈകല്യം, മരണം എന്നിവയുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ സഹായം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) അംഗങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസിനത്തിലും മറ്റുമായി ആകെ എത്ര തുക ലഭിച്ചിട്ടുണ്ടെന്നും ഈ തുക പ്രത്യേക ഫണ്ടായി നിലനിർത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ;

(സി) പദ്ധതിയിൽ വിഭാവനം ചെയ്യുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനാവശ്യമായ പണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അംഗവൈകല്യം സംഭവിച്ചവർക്ക് ആനുകൂല്യം നൽകിയിട്ടില്ല. മരണപ്പെട്ടവരുടെ ആശ്രിതർക്ക് വിവിധ ജില്ലകളിലായി ഒരാൾക്ക. 25,000 രൂപവച്ച് 606 പേർക്ക് 1,51,50,000 രൂപ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുനൽകുന്നതാണ്.

(ബി) അംഗങ്ങളിൽനിന്നും 10,41,98,508 രൂപ ലഭിച്ചിട്ടുണ്ട്. ഈ തുക ട്രഷറിയിൽ പ്രത്യേകഫണ്ടായി എഫ്. ഡി.-യായി സൂക്ഷിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള സാമൂഹ്യ സുരക്ഷാഫണ്ടിനു പുറമേയുള്ള അധികബാദ്ധ്യതയെപ്പറ്റി സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly